പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3623 10/04/2013- ൽ മറുപടിക്ക്

## ഡയറി ഫാമുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ. വാഹീദ്:<br>ശ്രീ.വി.ഡി. സതീശൻ :<br>ശ്രീ.റ്റി.എൻ. പ്രതാപൻ :<br>ശ്രീ.ബെന്നി ബെഹനാൻ: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) പഞ്ചായത്തുകളുമായി സഹകരിച്ച് ഡയറി ഫാമുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) കാസർഗോഡ് ജില്ലയിലെ ബദിയഡുക്ക പഞ്ചായത്തിൽ ഒരു കന്നുകാലി ഫാം തുടങ്ങുന്നതിനു നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതി വിഹിതത്തിൽ ഒരു കോടി രൂപ നൽകിയിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; | (ബി) തനത് ജനുസ്സുകളിൽപ്പെട്ട കന്നുകാലികളെ സംരക്ഷിക്കുന്നതിനും, അവയുടെ അഭിവൃദ്ധിക്കും വേണ്ടി ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണിത്. കാസർഗോഡ് ഡ്വാർഫ് ഇനം നാടൻ കന്നുകാലികളെ സംരക്ഷിക്കുന്നതിനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; | (സി പ്രസ്തുത പദ്ധതിയിൽ മൃഗസംരക്ഷണ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടുകൂടി ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 5.32 ഏക്കർ വരുന്ന സ്ഥലത്തു കന്നുകാലി ഫാം തുടങ്ങുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ആയതിന്റെ മരാമത്തു പണികളുടെ നിർവ്വഹണം ജില്ലാ നിർമ്മിതി കേന്ദ്രം മുഖേനയാണ് നടപ്പാക്കുന്നത്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതത്തിൽ ഒരു കോടി രൂപ പ്രസ്തുത കന്നുകാലി ഫാം തുടങ്ങുന്നതിനു നീക്കി വെയ്ക്കുകയുണ്ടായി. ടി ഫാമിനുവേണ്ടി ബദിയഡുക്ക പഞ്ചായത്ത് 5.32 ഏക്കർ വരുന്ന സ്ഥലം വിട്ടുതന്നു. കന്നുകാലികളുടെ ഷെഡിനും മറ്റും ചുറ്റുമതിൽ, കുഴൽക്കിണർ എന്നിവ നിർമ്മിക്കുന്നതിനായി 97.9 ലക്ഷം രൂപ ജില്ലാ നിർമ്മിതി കേന്ദ്രത്തിനു മാർച്ച് മാസം അവസാനം നൽകുകയുണ്ടായി. പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയിൽ ഒരു സീനിയർ വെറ്ററിനറി സർജനെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ